## തൊഴിൽ രഹിതർക്കാശ്വാസമായി പ്രധാന മന്ത്രിയുടെ തൊഴിൽ ദാന പദ്ധതി (PMEGP)

തൊഴിൽ സംരംഭകർക്ക് ആശ്രയിക്കാവുന്ന മികച്ച വായ്പാ പദ്ധതിയാണ് പി എം ഇ ജി പി അഥവാ പ്രൈം മിനിസ്റ്റേഴ്സ് എംപ്ലോയ്മെൻറ് ജനറേഷൻ പ്രോഗ്രാം. ഇത് ഒരു ലോൺ ലിങ്ക്ഡ് സബ്സിഡി സ്കീം ആണ്. ഇത് ഒരു സ്വയം തൊഴിൽ പദ്ധതി അല്ല, സംരംഭകരെ ഓരോരുത്തരേയും തൊഴിൽ ദാതാക്കളാക്കി മാറ്റുകയാണിവിടെ.

### അർഹതയുള്ള സംരംഭങ്ങൾ എന്തൊക്കെ

- ഉൽപ്പാദന സേവന വിഭാഗത്തിൽപ്പെടുന്ന സംരംഭകർക്കാണ് ഈ പദ്ധതിയുള്ളത്.
- സംരംഭകർക്ക് ഉൽപ്പാദന വ്യവസായങ്ങൾ ആരംഭിക്കുന്നതിന് 25 ലക്ഷം രൂപവരെയും സേവന സ്ഥാപനങ്ങൾ ആരംഭിക്കുന്നതിന് 10 ലക്ഷം രൂപ വരെയുള്ള പദ്ധതികൾക്കാണ് വായ്പ അനുവദിക്കുന്നത്.

### ആരാണ് നടപ്പിലാക്കുന്നത്

ഖാദി ആൻഡ് വില്ലേജ് ഇൻഡസ്ട്രീസ് കമ്മിഷൻ (KVIC), ഖാദി ബോർഡ് (KVIB), ജില്ലാ വ്യവസായ കേന്ദ്രങ്ങൾ (DIC) എന്നിവ വഴിയാണ് പദ്ധതി നടപ്പാക്കുന്നത്. എന്നാൽ KVIC, KVIB എന്നി ഏജൻസികൾക്ക് ഈ പദ്ധതി ഗ്രാമ പ്രദേശത്ത് മാത്രമേ നടപ്പിലാക്കുവാൻ കഴിയുകയുള്ളൂ. ജില്ലാ വ്യവസായ കേന്ദ്രങ്ങൾക്ക് ഗ്രാമ പ്രദേശത്തും, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ പരിധിയിലും ഈ പദ്ധതി നടപ്പിലാക്കുവാൻ കഴിയും.

### ആർക്കൊക്കെ അപേക്ഷിക്കാം?

+18 വയസ്സ് തികഞ്ഞ വ്യക്തികൾക്ക് അപേക്ഷിക്കാം

+SHGs, Trust, Registered Institutions, Cooperative Societyക്കും അപേക്ഷിക്കാം.

### യോഗ്യതാ മാനദണ്ഡങ്ങൾ എന്തൊക്കെ

- 18 വയസ്സ് തികഞ്ഞിരിക്കണം
- ഉയർന്ന പ്രായ പരിധി ഇല്ല
- വരുമാന പരിധി ബാധകമല്ല
- പദ്ധതി പ്രകാരമുള്ള സഹായം പുതിയ സംരംഭങ്ങൾക്ക് മാത്രമാണ്
- നിലവിൽ കേന്ദ്ര, സംസ്ഥാന സർക്കാരുകളുടെ ഏതെങ്കിലും സഹായങ്ങൾ ലഭിച്ചിട്ടുള്ള സ്ഥാപനങ്ങൾ അപേക്ഷിക്കുവാൻ അപേക്ഷിക്കുാൻ പാടില്ല

### വായ്പ നൽകുന്ന സ്ഥാപനങ്ങൾ

- പൊതു മേഖല ബാങ്കുകൾ
- റീജിയൺ ഗ്രാമീണ ബാങ്കുകൾ
- സംസ്ഥാന തല കർമ്മ സമിതി ശുപാർശ ചെയ്യുന്ന സഹകരണ ബാങ്കുകൾ
- സ്മോൾ ഇൻഡസ്ട്രിയൽ ബാങ്ക് ഓഫ് ഇൻഡ്യ (സിഡ്ബി)

### വിദ്യാഭ്യാസ യോഗ്യത:

10 ലക്ഷത്തിനു മുകളിൽ വരുന്ന നിർമാണ സ്ഥാപനങ്ങൾക്കും 5 ലക്ഷത്തിനു മുകളിൽ വരുന്ന സേവന സ്ഥാപനങ്ങൾക്കും എട്ടാം ക്ലാസ് പാസായിരിക്കണം.

ഈ പദ്ധതി ജനങ്ങളെ പൊതു വിഭാഗം എന്നും പ്രത്യേക വിഭഗം എന്നും രണ്ടായി തിരിക്കുന്നുണ്ട്.

### ആരാണ് പ്രത്യേക വിഭാഗം

- സ്ത്രീകൾ

- എസ്സി
- എസ്ടി
- ഒബിസി
- മത ന്യൂനപക്ഷങ്ങൾ
- ഭിന്നശേഷിക്കാർ
- വിമുക്ത ഭടൻമാർ എന്നിവരെല്ലാം പ്രത്യേക വിഭാഗത്തിൽ പെടുന്നവരാണ്.

**അനുവദിക്കാത്തവ:**

- നിലവിലുള്ള സംരംഭങ്ങൾക്ക് ഈ സ്കീം പ്രകാരംവായ്പ ലഭിക്കില്ല. (PMEGP, മുദ്ര ലോണുകൾ എടുത്തു സംരഭം തുടങ്ങിയ യൂണിറ്റുകൾക് 3 വർഷത്തിന് ശേഷം യൂണിറ്റ് വിപുലീകരണത്തിനായി അപേക്ഷിക്കാം)
- പാർട്ണർഷിപ്പ്, ലിമിറ്റഡ് കമ്പനി എന്നിവയ്ക്ക് വായ്പ ലഭിക്കില്ല.
- നേരിട്ടുള്ള കാർഷികവൃത്തി, ഫാമുകൾ, വാഹനങ്ങൾ, പുകയില, മദ്യം, മൽസ്യം, മാംസം, പുകയില, ടെസ്റ്റിങ് ലാബുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വ്യാപാര സ്ഥാപനങ്ങൾ എന്നിവ ഒഴികെ എല്ലാ തൊഴിൽ സംരംഭങ്ങൾക്കും വായ്പ ലഭിക്കും.

**സബ്സിഡി:**

പ്രത്യേക വിഭാഗങ്ങൾക്ക് നഗരപ്രദേശത്ത് പദ്ധതിയുടെ 25 ശതമാനവും ഗ്രാമപ്രദേശത്ത് 35 ശതമാനവും സബ്സിഡി ലഭിക്കുന്നു. പൊതുവിഭാഗങ്ങൾക്കു നഗര പ്രദേശത്ത് 15 ശതമാനവും ഗ്രാമപ്രദേശത്ത് 25 ശതമാനവും സബ്സിഡി ലഭിക്കുന്നു.

**സംരംഭകന്റെ വിഹിതം:**

പ്രത്യേക വിഭാഗത്തിൽപ്പെട്ടവർക്ക് പദ്ധതിയുടെ 5 ശതമാനവും പൊതു വിഭാഗത്തിൽ പെട്ടവർക്ക് 10 ശതമാനവുമാണ് സംരംഭകന്റെ വിഹിതം അഥവാ മാർജിൻ.

| വിഭാഗം | ഗുണ ഭോക്തൃ വിഹിതം | സബ്സിഡി നിരക്ക് | |
|---|---|---|---|
| | | നഗര പ്രദേശം | ഗ്രാമ പ്രദേശം |
| **പൊതു വിഭാഗം** | 10 ശതമാനം | 15 ശതമാനം | 25 ശതമാനം |
| **പ്രത്യേക വിഭാഗം** | 5 ശതമാനം | 25 ശതമാനം | 35 ശതമാനം |

**സംരംഭകൻ ശ്രദ്ധിക്കേണ്ടതെന്തെല്ലാം?**

1. സംരംഭം തുടങ്ങുന്ന സ്ഥലത്തുള്ള (സർവീസ് ഏരിയ) ബാങ്ക് അധികാരികളുമായി സംരംഭത്തെക്കുറിച്ച് വിശദമായി സംസാരിച്ചു ബോധ്യപ്പെടുത്തേണ്ടതാണ്. സർവീസ് ഏരിയ ബാങ്കുകളിൽ നിന്നാണ് ലോൺ അനുവദിക്കപ്പെടുന്നത്.

2. CIBIL REPORT അനുകൂലമാണെന്ന് ഉറപ്പുവരുത്തുക. (സൗജന്യമായി സിബിൽ സ്കോർ അറിയാൻ www.cibil.com സന്ദർശിക്കുക.)

**എങ്ങിനെ അപേക്ഷ സമർപ്പിക്കാം?**

ഓൺലൈൻ ആയി www.kviconline.gov.in എന്ന സൈറ്റ് വഴിയാണ് അപേക്ഷിക്കേണ്ടത്. അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകളും അപ്ലോഡ് ലോഡ് ചെയ്യേണ്ടതാണ്.

അതിനായി നിങ്ങളുടെ ബ്ലോക്ക്/മുനിസിപ്പൽ/കോർപ്പറേഷൻ വ്യവസായ വികസന ഓഫീസറെ സമീപി ക്കാവുന്നതാണ്.

ഓൺലൈൻ ആയി www.kviconline.gov.in എന്ന സൈറ്റ് വഴിയാണ് അപേക്ഷിക്കേണ്ടത്. അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകളും അപ്ലോഡ് ലോഡ് ചെയ്യേണ്ടതാണ്.

1. ഫോട്ടോ

2. ആധാർ കാർഡ്

3. പാൻ കാർഡ്.

4. വിദ്യാഭ്യാസ യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.

5. പോപ്പുലേഷൻ സർട്ടിഫിക്കറ്റ്/റേഷൻ കാർഡ്.

6. പ്രൊജക്റ്റ് റിപ്പോർട്ട്.

കൂടാതെ മെഷിനറിയുടെ ക്വട്ടേഷൻ, വാടക എഗ്രിമെൻറ് എന്നിവ നൽകേണ്ടതാണ്.

അപേക്ഷയും അനുബന്ധ രേഖകളും സംരംഭകൻ തങ്ങളുടെ താലൂക്ക് വ്യവസായ ഓഫീസുകളിൽ നൽകേണ്ടതുണ്ട്.

അതിന് ശേഷം അപേക്ഷ ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജരുടെ അനുമതിയോട് കൂടി അതാത് ബാങ്കുകളിലേക്ക് എത്തുന്നതായിരിക്കും.

സംരംഭകൻ കൊടുക്കുന്ന അപേക്ഷ DIC വഴി ആണെങ്കിൽ, ബ്ലോക്ക്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ വ്യവസായ വികസന ഓഫീസർക്ക് അപേക്ഷയുടെ പ്രിന്റും മുകളിൽ പറഞ്ഞ രേഖകളുടെ പകർപ്പുകളും നൽകുക. ഒറിജിനൽ രേഖകൾ വ്യവസായ വികസന ഓഫീസറെ കാണിച്ചു സാക്ഷ്യപെടുത്തേണ്ടതാണ്. DIC യിൽ നിന്നും അപേക്ഷ സർവീസ് ഏരിയ ബാങ്കുകളിലേക്കു അയക്കുന്നു.

**പരിശീലനം:**

വായ്പയിൽ തീരുമാനമായാൽ റൂഡ്സെറ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ/DIC പോലുള്ള ആംഗീകൃത സ്ഥാപനങ്ങളിൽ നിന്നു 10 ദിവസത്തെ സംരംഭകത്വ പരിശീലനം നേടിയ സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതാണ്. PMEGP സൈറ്റ്/ www.udyami.org.in വഴി ഓൺലൈനായും പരിശീലനം നടത്താവുന്നതാണ്. പരിശീലന സർട്ടിഫിക്കറ്റ് ബാങ്കിൽ ഹാജരാക്കുകയും സംരംഭകന്റെ വിഹിതം ബാങ്കിൽ അടക്കുകയും ചെയ്താൽ ലോൺ അനുവദിക്കുന്നതാണ്. അതിന് ശേഷം നിശ്ചിത സബ്സിഡി ബാങ്കിൽ എത്തുന്നതാണ്. സബ്സിഡി തുക വന്നു കഴിഞ്ഞാൽ അത് കഴിഞ്ഞിട്ടുള്ള തുകയും പലിശയും മാത്രം അടച്ചാൽ മതിയാവും.

**അറിഞ്ഞിരിക്കേണ്ടവ:**

1. വായ്പ വിതരണത്തിനുശേഷം എത്രയും പെട്ടെന്ന് തന്നെ സബ്സിഡി ബാങ്കിൽ എത്തിച്ചേരുന്നു.

2. സബ്സിഡി കഴിച്ചുള്ള വായ്പാ തുകയ്ക്കു മാത്രമേ ബാങ്ക് പലിശ ഈടാക്കുകയുള്ളൂ

3. മൂന്നു വർഷത്തിന് ശേഷം സബ്സിഡി വായ്പയിലേക്ക് വരവ് വെക്കുന്നു. (നിബന്ധനകൾക്ക് വിധേയം)

4. പലിശ നിരക്ക് ഓരോ ബാങ്കിന്റേയും നിയമാവലിക്ക് അനുസരിച്ചായിരിക്കും.

5. 10 ലക്ഷം രൂപയ്ക്ക് മുകളിലുള്ള വായ്പയ്ക്ക് ബാങ്കുകൾക്ക് സെക്യൂരിറ്റി ആവശ്യപ്പെടാവുന്നതാണ്.

6. വായ്പ കൃത്യമായി തിരിച്ചടച്ച് പദ്ധതി വിജയിപ്പിച്ച സംരംഭകർക്ക് പദ്ധതി വിപുലീകരണത്തിനോ നവീകരണത്തിനോ നിർമ്മാണമേഖലയിൽ ഒരു കോടി രൂപ വരെയും സേവനമേഖലയിൽ 25 ലക്ഷം രൂപ വരെയും സബ്സിഡിയോടു കൂടി രണ്ടാമതും വായ്പാ ഉപയോഗപ്പെടുത്താവുന്നതാണ്. (15% സബ്സിഡി)

ബ്യൂട്ടി പാർലർ, വസ്ത്രനിർമാണം, വിവിധ തരം വർക്ഷോപ്പുകൾ, ഭക്ഷ്യ വസ്തുക്കളുടെ സംസ്കരണം, കാറ്ററിങ് യൂണിറ്റ്, പന്തൽ/ സൗണ്ട് സിസ്റ്റം/കോൺക്രീറ്റ് ഉപകരണങ്ങൾ / പവർ ടൂൾസ് തുടങ്ങിയവ വാടകയ്ക്ക് കൊടുക്കൽ, ഫ്ളോർ മില്ലു, ഓയിൽ മില്ലു, ഡി ടി പി സെന്റർ, ജനസേവന കേന്ദ്രം, മരം-സ്റ്റീൽ ഉൽപന്ന നിർമ്മാണം, ലോൻഡ്രി/ഡ്രൈ ക്ലീനിംഗ്, റിപ്പയർ ഷോപ്പ്, അലുമിനിയം ഫാബ്രിക്കേഷൻ,പേപ്പർ ബാഗ്, ഐ ടി തുടങ്ങിയ സേവന, ഉൽപന്ന നിർമാണ യൂണിറ്റുകൾ തുടങ്ങിയവയൊക്കെ തുടങ്ങുന്നതിന് PMEGP സബ്സിഡി ലഭിക്കുന്നതാണ്.

സബ്സിഡി ലഭ്യമായ സ്ഥാപനങ്ങൾ കുറഞ്ഞത് 3 വർഷമെങ്കിലും പ്രവർത്തിക്കേണ്ടതാണ്, അല്ലാത്ത പക്ഷം സബ്സിഡി തുക തിരികെ പിടിക്കുന്നതാണ്.

**മറ്റെന്തെങ്കിലും പ്രയോജനമുണ്ടോ**

എല്ലാ വർഷവും സ്സ്ഥാന തലത്തിലും ജില്ലാ തലത്തിലും പി എം ഇ ജി പി മേളകൾ സംഘടിപ്പിക്കാറുണ്ട്. തെരഞ്ഞെടുത്ത പി എം ഇ ജി പി സംരംഭകർക്ക് തങ്ങളുടെ വിദേശ വിപണി കണ്ടെത്തുന്നതിനായി അന്താരാഷ്ട്ര വ്യാപാരോത്സവങ്ങളിൽ പങ്കെടുക്കുന്നതിന് അവസരം ഒരുക്കും.

**എവിടെ നിന്നും വിവരങ്ങൾ അറിയാം**

കൂടുതൽ വിവരങ്ങൾക്ക് ജില്ലാ വ്യവസായ കേന്ദ്രങ്ങളുമായോ, താലൂക്ക് വ്യവസായ ഓഫീസുമായോ, ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ എന്നിവിടങ്ങളിലെ വ്യവസായ വികസന ഓഫീസർമാരുമായോ ബന്ധപ്പെടുക.